മുഴുപ്പിലങ്ങാട് പഞ്ചായത്തിൽ ഒരു ഫിഷറീസ് ഡിസ്പെൻസറി

39 [44] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ മുഴുപ്പിലങ്ങാട് പഞ്ചായത്തിൽ ഒരു ഫിഷറീസ് ഡിസ്പെൻസറി ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഡിസ്പെൻസറിക്കുവേണ്ടി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കിയത് ;

(സി) അവശേഷിക്കുന്ന നടപടികൾ എന്നത്തേക്ക് പൂർത്തിയാകും ;

(ഡി) ഈ ഡിസ്പെൻസറിക്ക് നാട്ടുകാർ നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം എന്നാരംഭിച്ചു ;

(ഇ) കെട്ടിടനിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയത് എപ്പോഴാണ് ;

(എഫ്) ഈ ഡിസ്പെൻസറിക്ക് നാളിതുവരെയായി സ്റ്റാഫിനെ അനുവദിച്ചിട്ടില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എല്ലാ നടപടികളും പൂർത്തിയാക്കി ഡിസ്പെൻസറിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുഴുപ്പിലങ്ങാട് പഞ്ചായത്ത് നൽകിയ 66½ സെന്റ് സ്ഥലത്ത് ഡിസ്പെൻസറിക്കുവേണ്ട കെട്ടിടം നിർമ്മിച്ചു: എന്നാൽ വാട്ടർ സപ്ലൈ, ഇലക്ട്രിക് കണക്ഷൻ തുടങ്ങിയ ജോലികൾ പൂർത്തിയാകാത്തതിനാൽ ആരോഗ്യവകുപ്പു് പ്രസ്തുത കെട്ടിടം ഏറ്റെടുത്തില്ല. ആയതിനാൽ പ്രസ്തുത ജോലികൾ ചെയ്യുന്നതിലേക്ക് കണ്ണൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തിയാക്കുകയും ചെയ്തു. വാട്ടർ സപ്ലൈ ജോലി നടന്നുകൊണ്ടിരിക്കുന്നു.

(സി) വാട്ടർ സപ്ലൈ ജോലി കഴിയുന്നതും വേഗത്തിൽ പൂർത്തിയാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) 1982 ഒക്ടോബറിൽ ശിലാസ്ഥാപനം നടത്തിയ ശേഷം ഡിസ്പെൻസറി കെട്ടിടം നിർമ്മിച്ചത് പൊതുമരാമത്ത് വകുപ്പാണ്.

(ഇ) വാട്ടർ സപ്ലൈ, ഇലക്ട്രിക് കണക്ഷൻ എന്നിവ കഴിച്ച് മറ്റു ജോലികൾ 1984 മെയ് മാസം പൂർത്തിയാക്കി.

(എഫ്) ഉണ്ട്.

(ജി) വാട്ടർ സപ്ലൈ ജോലി പൂർത്തിയാക്കി കഴിയുന്നതും വേഗം ഫിഷറീസ് ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന്റെ ശിലാസ്ഥാപനം

40 [45] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന് ശിലാസ്ഥാപനം നടത്തിയത് എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly